**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1490** **19-01-2021 - ൽ മറുപടിയ്ക്ക്**

**ഡേറ്റാ ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .ഡി. സതീശൻ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരു വർഷത്തിനകം നെൽവയൽ തണ്ണീർത്തട നിയമപ്രകാരമുള്ള ഡേറ്റാ ബാങ്ക് പൂർണ്ണമാക്കി വിജ്ഞാപനം ചെയ്യുമെന്ന വാഗ്ദാനം ഇനിയും നടപ്പിലാക്കുവാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ എല്ലാ കൃഷി ഭവനുകളിലും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 328 കൃഷി ഭവനുകളിൽ മാത്രമാണ് ഡാറ്റാബാങ്ക് പ്രസിദ്ധീകരിച്ചിരുന്നത്. 733 കൃഷി ഭവനുകളിൽ ഡാറ്റാബാങ്ക് പ്രസിദ്ധീകരിക്കാൻ ബാക്കി ഉണ്ടായിരുന്നു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്കിലെ അപാകതകൾ പരിഹരിക്കുന്നതിനും ഉപഗ്രഹ സാങ്കേതിക സംവിധാനം ഉപയോഗിച്ച് ഡാറ്റാ ബാങ്ക് കുറ്റമറ്റ രീതിയിൽ പ്രസിദ്ധീകരിക്കാനുമുള്ള നടപടികൾ സ്വീകരിച്ചു. 18/01/2017-ൽ ബഹു. റവന്യൂ - കൃഷി വകുപ്പ് മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും തുടർന്ന് പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി സ.ഉ.(സാധാ) നം.47/2017/ കൃഷി തീയതി 18/01/2017 പ്രകാരം ഒരു ഉന്നതതല സമിതി രൂപീകരിക്കുകയുമുണ്ടായി. സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലുകളെ തുടർന്ന് പ്രസിദ്ധീകരിക്കാൻ ബാക്കിയുണ്ടായിരിന്ന 733 കൃഷി ഭവനുകളിൽ 602 എണ്ണവും പ്രസിദ്ധീകരിച്ചു കഴിഞ്ഞു. 64 എണ്ണം പ്രസിദ്ധീകരിക്കുന്നതിനായി ഗവൺമെന്റ് പ്രസിൽ നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട് ആയത് ഉടൻ തന്നെ പ്രസിദ്ധീകരിക്കുന്നതാണ്. 30.05.2017-ൽ ടി നിയമത്തിന്റെ ചട്ടങ്ങളിൽ റവന്യൂ വകുപ്പ് ഭേദഗതി ചെയ്യുകയും വിട്ടുപോയ പ്രദേശങ്ങൾ ഡേറ്റാ ബാങ്കിൽ ഉൾപ്പെടുത്തുന്നതിനും തെറ്റായി ഉൾപ്പെടുത്തിയ പ്രദേശങ്ങൾ പുന: പരിശോധിക്കുന്നതിനും അവസരം നൽകുകയുണ്ടായി. പുതുക്കിയ വില്ലേജ്, റീസർവ്വേ രേഖകളുടേയും 2008-ലെ സ്ഥലത്തിന്റെ അവസ്ഥ |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് ഉപഗ്രഹചിത്രങ്ങളുടെ റിപ്പോർട്ട് ആവശ്യമായി വന്നതിനാലും 67 കൃഷി ഭവനിലെ ഡാറ്റാ ബാങ്ക് പൂർണ്ണമാക്കാൻ അല്പം കാലതാമസം ഉണ്ടായി എങ്കിലും അവയും പ്രസിദ്ധപ്പെടുത്താനുള്ള നടപടി അന്തിമഘട്ടത്തിലാണ്. |
| (ബി) | ഇതിനകം എത്ര പ്രദേശങ്ങളിലെ ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചു; ഇനി ശേഷിക്കുന്നവ എത്ര; | (ബി) | സംസ്ഥാനത്തെ 1077 കൃഷി ഭവനുകളിൽ 16 കൃഷി ഭവൻ പ്രദേശങ്ങളിൽ നെൽവയലോ, തണ്ണീർത്തടമോ ഇല്ല. ബാക്കിയുള്ള 1061 കൃഷി ഭവനുകളിൽ 930 കൃഷി ഭവനുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന കൃഷി ഭവനുകളിൽ 67 കൃഷി ഭവനുകളിൽ ഡേറ്റാ ബാങ്ക് പ്രസിദ്ധീകരണം അന്തിമഘട്ടത്തിലാണ്. |
| (സി) | ഡേറ്റാ ബാങ്ക് പൂർണ്ണമായി വിജ്ഞാപനം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ